"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് - ശ്രീ.അസീം ഇസ്മയിൽ 15.06.2016 മുതൽ 18.02.2017 വരെയുള്ള കാലയളവിൽ കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിൽ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ അനുഷ്ഠിച്ച സേവനം ക്രമപ്പെടുത്തി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി (എ) വകുപ്പ്**

സ.ഉ.(കൈ) നം.6/2025/ITD തീയതി,തിരുവനന്തപുരം, 28-03-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 39/2016/ഐ.ടി.ഡി തീയതി 19.02.2016
2. സ.ഉ.(സാധാ) നം.523/2016/ഐ.ഡി. തീയതി 13.06.2016
3. സ.ഉ.(സാധാ) നം.45/2017/ഐ.ടി.ഡി തീയതി 18.02.2017
4. കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 25.03.2022 തീയതിയിലെ KSITIL/FIN/E&ITD/2022/5663 നമ്പർ കത്ത്.
5. ശ്രീ.അസീം ഇസ്മായിലിന്റെ 31.08.2022 തീയതിയിലെ അപേക്ഷ.
6. GO(MS) No.19/2009/Plg തീയതി 20.05.2009

**<u>ഉത്തരവ്</u>**

ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിൽ (FITL) മാനേജിംഗ് ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ ശ്രീ.അസീം ഇസ്മയിലിന് പരാമർശം (1) ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിലെ (KSITIL) മാനേജിംഗ് ഡയറക്ടർ തസ്തികയുടെ അധിക ചുമതല നൽകുകയുണ്ടായി. തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം ടിയാന് പകരം Kerala State Industrial Enterprises Ltd (കെ.എസ്.ഐ.ഇ.എൽ) ജനറൽ മാനേജർ ശ്രീ. ജോസ് മോന് FITL എം.ഡി. തസ്തികയുടെ അധിക ചുമതല നൽകി. ശ്രീ.അസീം ഇസ്മയിൽ FITL മാനേജിംഗ് ഡയറക്ടർ തസ്തികയിൽ 15.06.2016 തീയതി വരെ സേവനമനുഷ്ഠിക്കുകയും എന്നാൽ അതിനുശേഷം ടിയാൻ കെ.എസ്.ഐ.ടി.ഐ.എൽ എം.ഡി തസ്തികയിൽ തുടരുകയും ചെയ്തു. ശ്രീ.അസീം ഇസ്മയിൽ സബ്സ്റ്റാന്റീവ് തസ്തികയിൽ (Substantive Post) നിയമിക്കപ്പെടാതെയാണ് 15.06.2016 തീയതിക്കു ശേഷം കെ.എസ്.ഐ.ടി.ഐ.എൽ എം.ഡി തസ്തികയുടെ അധിക ചുമതല വഹിച്ചിരുന്നത്. തുടർന്ന് 18.02.2017 ലെ പരാമർശം (3) ഉത്തരവ് പ്രകാരം കെ.എസ്.ഐ.ടി.ഐ.എൽ എം.ഡി തസ്തികയിലെ ടിയാന്റെ സേവനം നിർത്തലാക്കുകയുണ്ടായി.

2) ശ്രീ. അസീം ഇസ്മയിലിന്റെ കെ.എസ്.ഐ.ടി.ഐ.എൽ എം.ഡി തസ്തികയിലെ ശമ്പളം

സർക്കാർ നിശ്ചയിച്ചിരുന്നില്ലെന്നും അദ്ദേഹത്തിന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ശമ്പളത്തിന്റെ അഡ്വാൻസായി 04.10.2016 തീയതിയിൽ 2,45,000/- രൂപ അനുവദിച്ചതായും 15.06.2016 മുതൽ 18.02.2017 വരെയുള്ള ശമ്പളം അദ്ദേഹത്തിനു നൽകേണ്ടതുണ്ടെന്നും കൂടാതെ ടിയാന്റെ ശമ്പളം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം (4) പ്രകാരം KSITIL എം.ഡി. അറിയിക്കുകയുണ്ടായി.

3) കെ.എസ്.ഐ.ടി.ഐ.എൽ. മാനേജിംഗ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതലയുള്ളതുകൊണ്ടും മറ്റൊരു എം.ഡി.യെ അവിടെ നിയമിക്കാതിരുന്നതിനാലും പ്രത്യേക നിർദേശങ്ങൾ ഒന്നും തന്നെ ലഭിക്കാതിരുന്നതുകൊണ്ടും കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിലെ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ താൻ തുടരുകയാണുണ്ടായതെന്നും ആയതിനാൽ കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിൽ എം.ഡി തസ്തികയിൽ 15.06.2016 മുതൽ 18.02.2017 വരെയുള്ള ടിയാന്റെ എട്ടുമാസത്തെ സേവനക്കാലയളവ് ക്രമപ്പെടുത്തി നൽകണമെന്നും ലഭിക്കേണ്ട ശമ്പളവും ആനുകൂല്യങ്ങളും അനുവദിച്ചു നൽകണമെന്നും അഭ്യർത്ഥിച്ച് കൊണ്ട് ശ്രീ.അസീം ഇസ്മയിൽ പരാമർശം (5) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) ലെ ഉത്തരവിലെ വ്യവസ്ഥയിൽ ഇളവു വരുത്തി, ശ്രീ.അസീം ഇസ്മയിൽ 15.06.2016 മുതൽ 18.02.2017 വരെയുള്ള കാലയളവിൽ കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിലെ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ അനുഷ്ഠിച്ച സേവനം ഒരു പ്രത്യേക കേസായി പരിഗണിച്ച് ക്രമപ്പെടുത്തി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്

സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ,കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്

അക്കൗണ്ടന്റ് ജനറൽ(എ&ഇ) ഓഡിറ്റ്,കേരള,തിരുവനന്തപുരം.

ശ്രീ.അസീം ഇസ്മായിൽ (മാനേജിംഗ് ഡയറക്ടർ,കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് മുഖാന്തരം)

പൊതുഭരണ(എസ് സി) വകുപ്പ്. (ഇനം നം..............)

ധനകാര്യ വകുപ്പ് (PU-D3/34/2018-FIN)

നിയമ വകുപ്പ് (Opinion-f3/131/2024-Law)

വിവരപൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Kiran M

Date: 28-03-2025 16:37:32

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 26-03-2025

ഫയൽ നം. ഐ.ടി.-എ2/12/2018/ഐ.റ്റി.ഡി. ഇനം നം: 2816

വിഷയം : ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ് - ശ്രീ. അസീം ഇസ്മയിൽ 15.06.2016 മുതൽ 18.02.2017 വരെയുള്ള കാലയളവിൽ കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിൽ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ അനുഷ്ഠിച്ച സേവനം ക്രമപ്പെടുത്തി നൽകുന്നതിന് അംഗീകാരം തേടുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. ശ്രീ. അസീം ഇസ്മായിലിനെ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ തുടരാൻ അനുവദിച്ച കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ്.

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം. ഐ.ടി-എ 2/12/2018/ഐ.റ്റി.ഡി |
| 2 | വകുപ്പ് | : | ഇ&ഐ.ടി (എ) വകുപ്പ് |
| 3 | വിഷയം | : | ഇ&ഐ.ടി വകുപ്പ് - ശ്രീ.അസീം ഇസ്സയിൽ. 15.06.2016 മുതൽ 18.02.2017 വരെയുള്ള കാലയളവിൽ കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിൽ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ അനുഷ്ഠിച്ച സേവനം ക്രമപ്പെടുത്തി നൽകുന്നതിന് അംഗീകാരം തേടുന്നത് -സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 09/12/2024 |
| 5 (i) | ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | രാജേഷ് കുമാർ എം. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ.രത്തൻ യു കേൽക്കർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18.01.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17.03.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യ മന്ത്രി അംഗീകരിച്ച തീയതി | : | 19.03.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 19.03.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1) ശ്രീ.അസീം ഇസ്മയിൽ 15.06.2016 മുതൽ 18.02.2017 വരെയുള്ള കാലയളവിൽ കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിൽ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ അനുഷ്ഠിച്ച സേവനം ക്രമപ്പെടുത്തി നൽകുന്നതിന് മന്ത്രിസഭയുടെ അംഗീകാരം തേടുന്നതിനായാണ് ഈ കുറിപ്പ് സമർപ്പിക്കുന്നത്.

2) ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡിൽ (FITL) മാനേജിംഗ് ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ ശ്രീ.അസീം ഇസ്മയിലിന് 19.02.2016 തീയതിയിലെ സ.ഉ.(സാധാ)നം. 39/2016/ഐ.ടി.ഡി. ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിലെ (KSITIL) മാനേജിംഗ് ഡയറക്ടർ തസ്തികയുടെ അധിക ചുമതല നൽകിയിരുന്നു. 13.06.2016 തീയതിയിലെ സ.ഉ.(സാധാ)നം.523/2016/ഐ.ഡി. ഉത്തരവ് പ്രകാരം ശ്രീ.അസീം ഇസ്മയിലിന് പകരം Kerala State Industrial Enterprises Ltd (കെ.എസ്.ഐ.ഇ.എൽ) ജനറൽ മാനേജർ ശ്രീ. ജോസ് മോന് FITL എം.ഡി. തസ്തികയുടെ അധിക ചുമതല നൽകുകയുണ്ടായി. ശ്രീ.അസീം ഇസ്മയിൽ FITL മാനേജിംഗ് ഡയറക്ടർ തസ്തികയിൽ 15.06.2016 തീയതി വരെ സേവനമനുഷ്ഠിക്കുകയും 2016 മെയ് മാസത്തെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റുകയും എന്നാൽ ടിയാൻ കെ.എസ്.ഐ.ടി.ഐ.എൽ എം.ഡി തസ്തികയിൽ തുടരുകയും ചെയ്തു. ശ്രീ.അസീം ഇസ്മയിൽ സബ്സ്റ്റാന്റീവ് തസ്തികയിൽ (Substantive Post) നിയമിക്കപ്പെടാതെയാണ് 15.06.2016 തീയതിക്കു ശേഷം കെ.എസ്.ഐ.ടി.ഐ.എൽ എം.ഡി തസ്തികയുടെ അധിക ചുമതല വഹിച്ചിരുന്നത്. തുടർന്ന് 18.02.2017 തീയതിയിലെ സ.ഉ.(സാധാ)നം.45/2017/ഐ.ടി.ഡി. പ്രകാരം കെ.എസ്.ഐ.ടി.ഐ.എൽ എം.ഡി തസ്തികയിലെ ടിയാന്റെ സേവനം നിർത്തലാക്കി.

3) ശ്രീ. അസീം ഇസ്മയിലിന്റെ കെ.എസ്.ഐ.ടി.ഐ.എൽ എം.ഡി തസ്തികയിലെ ശമ്പളം സർക്കാർ നിശ്ചയിച്ചിരുന്നില്ലെന്നും അദ്ദേഹത്തിന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ശമ്പളത്തിന്റെ അഡ്വാൻസായി 04.10.2016 തീയതിയിൽ 2,45,000/- രൂപ അനുവദിച്ചതായും 2016 ജൂൺ 15 മുതൽ 2017 ഫെബ്രുവരി 18 വരെയുള്ള ശമ്പളം അദ്ദേഹത്തിനു നൽകേണ്ടതുണ്ടെന്നും KSITIL എം.ഡി. അറിയിക്കുകയും ശമ്പളം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുകയുണ്ടായി. M/s ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിലെ ശ്രീ. അസീം ഇസ്മയിലിന്റെ പ്രതിമാസ ശമ്പളം 77,775/- (എഴുപത്തി ഏഴായിരത്തി എഴുന്നൂറ്റി എഴുപത്തി അഞ്ച്) രൂപയാണെന്നും KSITIL എം.ഡി. അറിയിച്ചു.

4) കെ.എസ്.ഐ.ടി.ഐ.എൽ. മാനേജിംഗ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതലയുള്ളതുകൊണ്ടും മറ്റൊരു എം.ഡി.യെ അവിടെ നിയമിക്കാതിരുന്നതിനാലും പ്രത്യേക നിർദേശങ്ങൾ ഒന്നും തന്നെ ലഭിക്കാതിരുന്നതുകൊണ്ടും കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിലെ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ തുടരുകയാണുണ്ടായതെന്നും ആയതിനാൽ കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിൽ എം.ഡി തസ്തികയിൽ 15.06.2016 മുതൽ 18.02.2017 വരെയുള്ള എട്ടുമാസക്കാലയളവ് റെഗുലറൈസ് ചെയ്ത് നൽകണമെന്നും ലഭിക്കേണ്ട ശമ്പളവും ആനുകൂല്യങ്ങളും അനുവദിച്ചു നൽകണമെന്നും അഭ്യർത്ഥിച്ച് കൊണ്ട് ശ്രീ.അസീം ഇസ്മയിൽ സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചു.

5) തുടർന്ന് ശ്രീ.അസീം ഇസ്മയിലിന്റ പ്രസ്തുത കാലയളവിലെ സേവനം ക്രമപ്പെടുത്തി നൽകുന്നത് സംബന്ധിച്ച് പ്ലാനിംഗ് & ഇക്കണോമിക് അഫേഴ്സ് വകുപ്പിന്റെ അഭിപ്രായം തേടുകയും ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു.

*"AD is informed that as per the GO(MS) No.19/2009/Plg dated 20.05.2009 relating to the remuneration of MDs/CEOs of State PSUs stating that if the CEO/MD of the company does not hold lien in any company then on termination of his appointment as MD/CEO. he shall not have any*

*right to continue in any post in any of the PSUs/Companies and also stated that When an officer is holding charge of MD of both Companies concurrently, in which case he will be eligible only for the Scale of pay of the company where his substantial posting is. Though KSITIL is not categorized in the list of the said GO;but it seems a State PSU and the rule is applicable to KSITIL.Hence the term of office of Sri.Asim Ismail in KSITIL, after the termination from FITL seems irregular and this department does not agree to disburse the salary for the period from 15/06/2016 to 18/02/2017. AD is also instructed to consult FD in the matter."*

6) തുടർന്ന് ടി വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു.

*"Sri Azim Ismail was given additional charge of the post of MD. KSITIL while he was holding the post of MD , FIT. But his appointment in FIT stands terminated with the appointment of Josemon as MD in FIT by order dt. 22.9. 2016. So his continuance in additional charge of MD KSITIL till 18.2.2017 after ceased to the MD of FIT is irregular . Hence AD is requested to examine, if his continuance in additional charge of MD KSITIL till 18.2.2017 after ceased to the MD of FIT can be regularized. In the event of his regularisation, terms and conditions may also be specified"*

*7)* തുടർന്ന് ശ്രീ.അസീം ഇസ്മയിലിന്റെ പ്രസ്തുത കാലയളവിലെ സേവനം ക്രമപ്പെടുത്തി നൽകുകയാണെങ്കിൽ ശമ്പളം എപ്രകാരം നിശ്ചയിക്കും എന്നതിൻമേൽ അഭിപ്രായത്തിനായി വിഷയം വീണ്ടും ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു.

*"The AD is informed that the appointment of Sri.Azim Ismail as MD in KSITIL as suggested by Administrative Department is not possible since such appointment following all procedures cannot be done retrospectively".*

8) ടി വിഷയത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം തേടുകയും നിയമ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു.

*" Sri. Azim Ismail was given additional charge of the post of MD, KSITIL while he was holding the post of MD, FITL (substantive post). Later Sri. Jose Mon was put in full additional charge of MD, FITL replacing Sri.Azim Ismail vide G.O(Rt) No. 523/2016/ID dated 13.06.2016. Subsequently the Government vide G.O (Rt) No.45/2017/E& ITD dated 18.02.2017 clarified that, the continuance of Sri. Azim Ismail, as MD, KSITIL even after being terminated from the substantive post of MD,. FIT is highly irregular and decided to terminate his service as MD, KSITIl with effect from 18.02.2017. Sri . Azim Ismail was removed from his substantive post ( MD, FITL) and he served in that post upto 15/06/2016 (as reported in Note # 174 of AD file) and as such, his continuance in additional charge of M,D KSITIL till 18.02.2017,*

*after having removed from his substantive post in FITL, is irregular in the light of G.O (Ms) No. 19/2009/Plg dated 20.05.2009 (since he does not hold lien in any company)".*

9) തുടർന്ന് പ്രസ്തുത കാലയളവിൽ ശ്രീ.അസീം ഇസ്മയിൽ നിർവ്വഹിച്ച ഔദ്യോഗിക ചുമതലകളും ഉത്തരവാദിത്തങ്ങളും സാധുകരിച്ച് നൽകേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി ടി വിഷയത്തിൽ വീണ്ടും നിയമ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

*" In GO(MS)No.19/2009/Plg dated 20/05/2009 it is clearly stated that, If the CEO/MD of the Company does not hold lien in any Company, then on termination of his appointment as MD/Ceo , he shall not have any right to continue in any post in any of the PSUs/ Companies. Hence the duties and responsibilities exercised by Sri. Azim Izmail during the period from 15.06.2016 to 18.02.2017 is not valid and that could not be regularized".*

10) 15.06.2016 മുതൽ 18.02.2017 വരെയുള്ള കാലയളവിൽ ശ്രീ. അസീം ഇസ്മയിൽ സബ്സ്റ്റാന്റീവ് തസ്തികയിൽ (Substantive Post) നിയമിക്കപ്പെടാതെയാണ് കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിൽ എം ഡി തസ്തികയുടെ അധിക ചുമതല വഹിച്ചിരുന്നത്. ഇത് ക്രമപ്രകാരമുള്ള നടപടിയല്ല. മാത്രവുമല്ല ശ്രീ.അസീം ഇസ്മയിൽ പ്രസ്തുത കാലയളവിൽ കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ എന്ന നിലയിൽ പ്രധാന തീരുമാനങ്ങൾ എടുക്കുന്നതിന്റെ ഭാഗമാകുകയും വിവിധ ഔദ്യോഗിക ചുമതലകളും ഉത്തരവാദിത്തങ്ങളും നിറവേറ്റുകയും നടപ്പിലാക്കുകയും ചെയ്തിട്ടുമുണ്ട്. ടിയാൻ പങ്കെടുത്ത ബോർഡ് മീറ്റിംഗുകളുടെ നടപടിക്കുറിപ്പുകൾ കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി. എന്നാൽ യഥാവിധി ഒരു തസ്തികയിൽ നിയമനം നൽകപ്പെടാതെ പ്രസ്തുത തസ്തികയിൽ ടിയാൻ നിറവേറ്റിയ ഉത്തരവാദിത്തങ്ങൾക്കു നിയമസാധുത ഉണ്ടെന്ന് കണക്കാക്കാൻ നിർവ്വാഹമില്ല. ആയതിനാൽ 15.06.2016 മുതൽ 18.02.2017 വരെയുള്ള കാലയളവിൽ KSITIL മാനേജിംഗ് ഡയറക്ടർ തസ്തികയിൽ ശ്രീ.അസീം ഇസ്മയിൽ നിർവ്വഹിച്ച എല്ലാ ചുമതലകളും ഉത്തരവാദിത്തങ്ങളും നിയമസാധുതയുള്ളതാക്കേണ്ടത് ഭരണപരമായി അനിവാര്യമാണ്.

11) മേൽ സാഹചര്യത്തിൽ, 20.05.2009 തീയതിയിലെ GO(MS)No.19/2009/Plg ഉത്തരവിലെ വ്യവസ്ഥയിൽ ഇളവു വരുത്തി, 15.06.2016 മുതൽ 18.02.2017 വരെയുള്ള കാലയളവിലെ KSITIL മാനേജിംഗ് ഡയറക്ടർ തസ്തികയിലെ ശ്രീ.അസീം ഇസ്മയിലിന്റെ സേവനം ക്രമപ്പെടുത്തുന്ന കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണോ എന്നതിൻമേൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്കു ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ഒരു പ്രത്യേക കേസായി പരിഗണിച്ച്, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നു കൊണ്ട്, 20.05.2009 തീയതിയിലെ GO(MS)No.19/2009/Plg ഉത്തരവിലെ വ്യവസ്ഥയിൽ ഇളവു വരുത്തി, ശ്രീ.അസീം ഇസ്മയിൽ 15.06.2016 മുതൽ 18.02.2017 വരെയുള്ള കാലയളവിൽ കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിൽ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ അനുഷ്ഠിച്ച സേവനം ക്രമപ്പെടുത്തി നൽകി ഉത്തരവ് പുറപ്പെടുവിക്കാമോ?

GOVERNMENT OF KERALA

**ABSTRACT**

Bureau of Public Enterprises- Enhancement of Pay scales to the Chief Executives of State Public Sector Undertakings and Revision of Per-mensum honorarium to the Non-Executive Chairmen of PSUs- Sanctioned – orders issued.

**Planning and Economic Affairs (BPE) Department**

G.O (MS) No.19/09/Plg Dated, Thiruvananthapuram, 20/05/2009

Read :- 1) G.O (MS) No.70/87/Plg, Dated 19.10.1987.
2) G.O (MS) No.22/98/Plg, Dated 09.07.1998.

**ORDER**

The Chief Executives/Managing Directors of Public Sector Undertakings are appointed by Government. For fixing remuneration and other perquisites for the Board Level Executives. Government decided to formulate separate standardized schedules of pay. Accordingly the Public Sector Undertakings were categorized by BPE in to six Schedules, viz, A B C D E and F. The BPE Schedule scales of Pay were first revised, vide GO read as Ist paper above, w.e.f. 1st October 1987. The BPE schedule Pay were last revised w.e.f. 1/4/1997 as per G.O read as 2nd paper above.

Now Government are pleased to revise the Pay structure of the CEOs of Public Sector Undertakings, who are selected and appointed directly by selection board and on the Category shown in **Annexure 1** with special consolidated pay. The special Pay structure of the CEOs of Public Sector Undertakings shown in Annexure I will be as follows:

Category **'A'** - Consolidated salary of Rs.75000/- p/m.
Category **'B'** - Consolidated salary of Rs.60000/- p/m.
Category **'C'** - Consolidated salary of Rs.50000/- p/m.
Category **'D'** - Consolidated salary of Rs.40000/- p/m.

The HRA and Annual increment of the above Pay will be at 40% and 5% respectively.

Commdr (Rtd) K. Shamsuddin, Managing Director, Traco Cables Ltd/ Steel and Industrials Forgings Ltd will also be given Pay in A Category ( Rs 75,000+ 40% HRA +5% Annual increments) as a special case, even though TRACO/ SIFL is listed in **Category C.**

The Scale of Pay for the Public Sector Undertakings shown in **Annexure II** will be revised as given below and as per the terms and conditions specified.

- **A** Schedule - Rs. 26600-650-33750
- **B** Schedule - Rs. 25400-600-26600-650-33100
- **C** Schedule - Rs. 23200-550-25400-600-26600-650-31150
- **D** Schedule - Rs. 20700-500-23200-550-25400-600-26600.

The above scales of pay are recommended on the following terms and conditions:-

1. With regard to the scale sanctioned to the CEOs coming under Schedule "B", they will not be eligible for the special pay attached to the post of Additional Secretary to Govt.

2. The new scales as above are based on State Government DA (with 59% DA being merged in the scale). Hence DA as released by the State Government from time to time shall apply to this scale and not variable DA or any other type of DA.

3. At present the Chief Executives appointed by Government are given the option to choose residential accommodation to be provided by the company subject to the condition that the cost of accommodation should not exceed 40% of the basic pay of the incumbent and 10% of the basic pay should be recovered from the incumbent towards the rent of accommodation. In the revised scale of pay, Government decided to pay Rs.4000/- p.m. towards cost of accommodation and to recover 4% of the basic pay of the incumbent towards the rent of accommodation.

The General conditions of appointment of Chief Executive Officers of Public Sector Undertakings will be as follows;

1. If there is already an existing order assigning a separate scale of pay to the CEO of a particular company, the revised scale of pay as per this order will take effect as and when a new incumbent is appointed to the post afresh, unless the existing incumbent wants to move over to the new scale.

2. On the appointment of the CEO of a company as CEO of another company coming under a different schedule, he will be eligible for the salary applicable to the particular PSU to which he is newly appointed, irrespective of the scale in the former organization where he has been working. Thus, if an MD of 'A' schedule company is subsequently posted as MD of a company placed under 'B' schedule, he will be eligible for the salary applicable to the 'B' schedule company only. This will not apply, if he is holding charge of MD of both Companies concurrently, in which case he will be eligible only for the Scale of pay of the company where his substantial posting is.

3. The appointment as MD/CEO of a company/PSU shall be at the pleasure of the Government. The Government shall have the right to remove him from the post at any time (although the order of appointment will indicate a fixed term for such appointment). If a person who holds lien as employee in a company (eg. GM. Dy. GM, Registrar, etc) is appointed as CEO of a company (including the same company where he holds such lien) and is later removed from the post of CEO, he shall go back to the post where he holds such lien (unless he has crossed the age of superannuation in the parent company). No person shall hold a lien as MD/CEO of a company. If the CEO/MD of the company does not hold lien in any company, then on termination of his appointment as MD/CEO, he shall not have any right to continue in any post in any of the PSUs/Companies.

4. If an employee of a company/PSUs (eg.GM) is posted as MD/CEO of the same company, he shall have the option to continue in the same scale if that is more beneficial, additional allowance shall not be payable.

5. The practice of extending to the CEO of a company /PSU, the scale of pay as applicable to the 2nd line of executives (say GM) on the ground that the MD/CEO has to supervise the work of these officers shall be stopped forthwith. This shall not apply in respect of Para 4 above.

The Revised Pay will be with effect from 1.4.2008 / the date of appointment of Managing Director through Selection Board, whichever is later.

Government are also pleased to enhance the per mensum honorarium to the Non Executive Chairmen of Public Sector Undertakings as per the Category/ Schedule shown in **Annexure I** and **Annexure II**, with effect from 1.04.2008.

The honorarium will be as follows: -

| Category/ Schedule | Honorarium (Rs) |
|---|---|
| A | 12000 |
| B | 10000 |
| C | 8000 |
| D | 6000 |

(By Order of the Governor)

**T.BALAKRISHNAN**
Principal Secretary to Govt.

To,

The Chief Executive Officers/ Managing Directors of all Public Sectors Undertakings.
The Accountant General (A&E), (Audit), Kerala, Thiruvananthapuram